സുപ്രഭാതം
06 January 2024

# സമുദ്രമത്സ്യ മേഖലയിൽ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തണം

കൊച്ചി • സമുദ്രമത്സ്യമേഖലയിലെ വെല്ലുവിളികൾ നേരിടുന്നതിന് നിർമിത ബുദ്ധി പോലുള്ള നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തണമെന്ന് നീതി ആയോഗ് വൈസ് ചെയർമാൻ സുമൻ ബെറി. വിവിധ സംസ്ഥാനങ്ങളിലെ സമുദ്രമത്സ്യമേഖലയിലെ വികസന സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി കൊച്ചി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ സംഘടിപ്പിച്ച ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വികസനത്തിന് ആക്കം കൂട്ടുന്നതിൽ സാങ്കേതികവിദ്യകൾക്ക് വിലയ പങ്കുണ്ട്. മത്സ്യത്തിനുള്ള ആവശ്യകത വർധിക്കുന്ന സാഹചര്യത്തിൽ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ആവശ്യമാണ്. ഏതൊരു സമ്പദ്‌വ്യവസ്ഥയെയും ചലിപ്പിക്കുന്നത് ആവശ്യകതയാണ്. കേരളം പലകാര്യത്തിലും മുൻപന്തിയിലാണെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിന് പുറമെ, പശ്ചിമ ബംഗാൾ, ഒഡീഷ, ഗുജറാത്ത്,



സുമൻ ബെറി

മഹാരാഷ്ട്ര, ഗോവ, കർണാടക, ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നീ തീരദേശ സംസ്ഥാനങ്ങളും ആൻഡമാൻ നിക്കോബാറും ദേശീയ ശിൽപശാലയിൽ പങ്കെടുത്തു.

നീതി ആയോഗ് അംഗം പ്രൊഫ.രമേശ് ചന്ദ്, ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ.ജെ.കെ ജെന, ജോയിന്റ് സെക്രട്ടറി കെ.എസ് റെജിമോൻ, സീനിയർ അഡ്വൈസർ ഡോ.നീലം പട്ടേൽ, ഫിഷറീസ് ഡയറക്ടർ ഡോ.അദീല അബ്ദുള്ള, സീനിയർ കൺസൽട്ടന്റ് ഡോ. ബബിത സിങ്, സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ സംസാരിച്ചു. നീതി ആയോഗ്, സി.എം.എഫ്.ആർ.ഐ, സംസ്ഥാന ഫിഷറീസ് വകുപ്പ് എന്നിവർ സംയുക്തമായാണ് ശിൽപശാല സംഘടിപ്പിച്ചത്.